# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 3551 — 24/06/2013-ൽ മറുപടിക്ക്

## ആദിവാസി കോളനികളിൽ സൗജന്യ റേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ആദിവാസി കോളനികളിൽ പട്ടിണിയും പകർച്ചവ്യാധികളും പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ സൗജന്യ റേഷൻ നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ യും ബി യും | സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സൗജന്യ റേഷൻ നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് മൂലം നവജാത ശിശുക്കൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടയുടൻ അവിടെയുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരിയും 2 കിലോ ചെറുപയറും വീതം നൽകിയിരുന്നു. തുടർന്ന് ജൂൺ മാസം മുതൽ അടുത്ത 4 മാസക്കാലത്തേക്കും പ്രതിമാസം 10 കിലോ റാഗി, 2 കിലോ പയർ വീതം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ, സംസ്ഥാനത്ത് മഴക്കാലങ്ങളിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തൊഴിലില്ലായ്മ മൂലം പട്ടികവർഗ്ഗക്കാർക്കിടയിൽ ദാരിദ്ര്യവും ഭക്ഷണക്ഷാമവും ഉണ്ടാകാതിരിക്കാൻ വേണ്ടി ഭക്ഷ്യ സഹായ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷം ടി പദ്ധതി നടത്തുന്നതിനായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി | എങ്കിൽ അതിനാവശ്യമായ എന്തെല്ലാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദ മാക്കാമോ? | | |

സെക്ഷൻ ഓഫീസർ